# നെന്മാണിക്യം

(നോവൽ-16)

ജോൺ ഇളമത

ആയിടെ പാലയൂർനിന്ന് ഈനാശു എന്നു പേരുള്ള ഒരു ചാർച്ചക്കാരൻ അന്തോനിയെ തേടിയെത്തി.

അവർ കൂടപ്പിറപ്പുകളായിരുന്നു. അമ്മാവിയുടെ മകൻ. ഒരേപ്രായക്കാർ. കുട്ടിക്കാലങ്ങളിൽ ഒരുമിച്ച് വളർന്നവർ.

ഈനാശുവും രണ്ടു സേവകരും പണിപ്പെട്ടാണവിടെയെത്തിയത്. അവർ അന്തോനിയും പരിവാരവും പലായനം ചെയ്ത വഴി കേട്ടറിഞ്ഞു പുറപ്പെട്ടു.



മലയാറ്റൂർവനം കടന്ന് കുറവിലങ്ങാട്ടെത്തി. അവിടെനിന്ന് റാന്നിയിൽ വന്നു. മുമ്പുകോട്ടയ്ക്കലെ ലൂക്കായെ കണ്ടു. അദ്ദേഹത്തിൽനിന്ന് വിവരങ്ങൾ മനസ്സിലാക്കി. നടന്നും കാളവണ്ടികയറിയും പിന്നീട് അരയന്മാരുടെ വഞ്ചിയിൽ സഞ്ചരിച്ചുമാണ് അന്തോനിയുടെ കടവിലിറങ്ങിയത്.

ഈനാശുവിന്റെ വരവ്, അന്തോനിയിൽ വിസ്മയമുണർത്തി. ആദ്യമവർ പരസ്പരമറിഞ്ഞില്ല. ഇരുവരിലും മാറ്റങ്ങൾ വന്നിരിക്കുന്നു.

കൂടപ്പിറപ്പ് തേടിവന്നതിൽ അന്തോനിക്കു ചാരിതാർത്ഥ്യമുണ്ടായി. ഇരുവരും കുടുംബവിശേഷങ്ങൾ കൈമാറി. പിന്നീട് നാട്ടുകാര്യത്തെപ്പറ്റിയായി ചർച്ച. കൊച്ചിയിലും തിരുവിതാംകൂറിലും പരിത:സ്ഥിതികൾ മാറിക്കൊണ്ടിരിക്കുന്നു.

ഈനാശു പറഞ്ഞു:

കൊച്ചിയിലും തിരുവിതാംകൂറിലും ഇനി മാറ്റങ്ങൾ വരും. മൺട്രോ സായ്‌വ് ദിവാൻ സ്ഥാനമൊഴിഞ്ഞു. കൊച്ചി നഞ്ചയ്യപ്പനേം തിരുവിതാംകൂർ ദേവൻ പത്മനാഭനേം ദിവാന്മാരാക്കി. നാട്ടുകാരെത്തന്നെ!

അന്തോനി പ്രതിവചിച്ചു.
അതുകൊണ്ട് കൊച്ചിക്കും തിരുവിതാംകൂറിനും എന്തൊന്നു ഗുണം?
നാട്ടുകാരെ വെച്ചതു വെള്ളക്കാരെ സേവിപ്പാനാ. അല്ലാണ്ട് ഇവിടത്തെ സാമന്തരാജാക്കന്മാരേം പ്രജകളേം നന്നാക്കാനൊന്നുമല്ല.

ഇരുരാജ്യത്തും അടിമക്കച്ചോടം നിർത്താംപോവ്വാ. കീഴാളരെ ഇനീം മർദ്ദിക്കാനൊന്നുമൊക്കത്തില്ല. പോലീസും കോടതീം ഒക്കെ വരാമ്പോണെന്നു കേട്ടു.

അതൊക്കെ നല്ലതാ. ഒന്നൂല്ലേ. കുറെ നീതീം ന്യായോം ഒക്കെ നടക്കൂല്ലോ!

എന്തോന്നു നീതീം ന്യായോ?

എന്തൊക്കെ പറഞ്ഞാലും പഴേ രീതിൽ രാജവാഴ്ചതന്നാ നല്ലത്. സമത്വം വന്നാലേ, പണിയാനാളെ കിട്ടത്തില്ല. തന്നേമല്ല, അയിത്തോം തീണ്ടലും തൊടീലുമൊക്കെ പതിയെപ്പതിയെ നിക്കും. കീഴാളനെല്ലാം ഒപ്പത്തിനൊപ്പം കേറീരിക്കേം ചെയ്യും.

എന്നേലും ഈ രീതിക്കൊരു മാറ്റം വരേണ്ടേ? ഞാനോർക്കുകാരുന്നു.. സാധാരണ നായന്മാർക്കും ഈഴവർക്കും സ്വർണ്ണം ഇടണോങ്കി, രാജാവിന്റെയോ സർവ്വാധികാര്യക്കാരന്റെയോ അനുവാദം വേണാരുന്നു. ആരാ ഇതൊക്കെ തീരുമാനിച്ചേ, ഇവിടെ പെറന്ന കീഴാളരല്ല. വടക്കൂന്നൊക്കെ കീഴടക്കിവന്ന മേലാളവർഗ്ഗം.

അന്തോനിയുടെ അഭിപ്രായത്തോട് ഈനാശു പൂർണ്ണമായി യോജിച്ചില്ല:

തമ്പുരാനും അടിയാനുമൊക്കെ വേണം. ന്നാലേ രാജ്യം നന്നാകൂ. തമ്പുരാനൊണ്ടേ, അടിയാനു കൊള്ളാം. ന്നാലി വരുത്തമ്മാരു വന്നതു മൊതലാ ഈ നാടിനു ദോഷം. പറങ്കികളും ലന്തക്കാരും നാടുനന്നാക്കിയോ? കൊള്ളയടിച്ചു. ഈ ഇംഗ്ലീഷ് ധ്വരമാരും അതേചെയ്യൂ!

ന്നാലും മറ്റു കൂട്ടരേക്കാ ഭേദമാ ഗുണോം ദോഷോമൊണ്ട്. നാടു നന്നാകാമെന്നാ എന്റെ വിചാരം.

ഈനാശു നാലുനാൾ അന്തോനിയോടൊപ്പം പാർത്തശേഷം സേവകരോടൊപ്പം മടങ്ങിപ്പോയി.

അപ്പോൾ അന്തോനിയുടെ ഓർമ്മകൾ കുട്ടിക്കാലങ്ങളിലേക്ക് നീർക്കാംകുഴിയിട്ടു.

എറപ്പായി എന്ന വല്ല്യപ്പൂപ്പനെ ചുറ്റിപ്പറ്റി നടന്ന കഥകൾ!

പാലയൂരിലെ മുപ്പത്തിരണ്ടു ബ്രാഹ്മണയില്ലങ്ങൾ. മാർ തോമ്മാസ്ലീഹായുടെ കാലത്ത് മാർഗ്ഗംകൂടിയ കൂട്ടത്തിലെ പ്രമാണിയായിരുന്നു, എറപ്പായി.

ഉരുക്കുപോലെ ഉറച്ച ഒത്ത ശരീരം. പഴുപ്പിച്ച ചെമ്പിന്റെ നിറം. കുടുമയും കാതുകളിൽ കടുക്കനുമുണ്ടായിരുന്നു. ഹിന്ദുവേദങ്ങളും ക്രിസ്ത്യൻവേദങ്ങളും ഒരുപോലെ ഹൃദിസ്ഥമാക്കിയ ജ്ഞാനി. സംസ്കൃതത്തിൽ പാണ്ഡിത്യമുണ്ടായിരുന്നു. ബുദ്ധിമാൻ, സമർത്ഥൻ, അതിതീഷ്ണമായ കണ്ണുകൾ അവയിൽ നിന്ന് ആജ്ഞാശക്തിയും ഇച്ഛാശക്തിയും ഒഴുകിയിരുന്നു. ആരെയും ഇരുത്താൻപോരുന്ന സംഭാഷണ പാടവം.

അക്കാലത്തിനൊക്കെ മുമ്പ് പറങ്കിധ്വരമാരെ സത്യക്രിസ്ത്യാനികളെന്നു കരുതി, മലങ്കര നസ്രാണികൾ അവർക്കും ഒട്ടേറെ ഒത്താശകൾ ചെയ്തിരുന്നു.

പിന്നീടാണ് പറങ്കിളുടെ തനിനിറം പൊറത്തുവന്നത്. നാണോം മാനോം ഇല്ലാത്ത ജാതികള്! എന്തെല്ലാം താണതരങ്ങളും കാട്ടികൂട്ടി. കടക്കൊള്ളക്കാര്!

പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണത് സംഭവിച്ചത്. കപ്പാടും കടപ്പൊറത്ത് അസാധാരണമാം വിധം മൂന്നു കപ്പലുകൾ നങ്കൂരമിട്ടു. ചുവപ്പിൽ വെള്ളക്കുരിശടയാളമുള്ള കൊടികൾ വച്ച കപ്പലുകൾ.

അതിൽനിന്ന് തുകൽത്തൊപ്പിയും, തുകൽച്ചെരിപ്പും പരുക്കൻ കമ്പിളിയുടെ കൽ സൊറായുമിട്ട ധ്വരമാർ ഇറങ്ങിവന്നു.

അവരുടെ കഴുത്തിൽ വലിയ തട്ടുള്ള വെന്തിങ്ങയും കാശുരൂപങ്ങളും കറുത്ത ച രടിൽ തൂങ്ങിയിരുന്നു.

അവർ പോർത്തുഗൽ എന്ന പറങ്കിരാജ്യത്തിനിന്നു വന്നവരായിരുന്നു. അറവി (അ റബി)കളെയും ചീനക്കാരെപോലെയും അവർ വ്യാപാരത്തിനു വന്നതാണെന്ന് സാമൂതിരിയുടെ പടനായകർ നിനച്ചു.

പറങ്കിമൂപ്പന്മാരുടെ അനുഗ്രഹം വാങ്ങി വലിയ കപ്പിത്താൻ വാസ്കോഡിഗാമയും പന്ത്രണ്ടു പറങ്കിപ്രമാണികളും രാജാവെ (സാമൂതിരി)കാണാൻ പുറപ്പെട്ടു.

തണ്ടിൽ കരേറി കാപ്പുകട്ടെത്തി. പിന്നീട് പുഴവഴി യാത്രയായി ഒരു മതിലക ത്തെത്തി. അവിടെ വലിയ ചെമ്പുതൂണും അതിനുമീതെ ചെമ്പുകഴിയും അതിൽ ഏഴു മണികൾ തൂങ്ങുന്നതും കണ്ടു.

ഗാമയെയും കൂട്ടരെയും ബ്രാഹ്മണർ എതിരേറ്റു. അവരുടെമേൽ വെള്ളം തളിച്ചു. ത ർത്ഥവും പ്രസാദവും കൊടുത്തു.

ഇതു പള്ളി മര്യാദ (കത്തോലിക്കാവിശ്വാസം) എന്ന ഗാമയും കൂട്ടരും ധരിച്ച് നെ റ്റിമേൽ കുരിശുവച്ചു വണങ്ങി.

പിന്നീട് അമ്പലത്തിൽ കയറി മുട്ടുകുത്തി വണങ്ങി. സത്യക്രിസ്ത്യാനികളുടെ ദൈവവും പുണ്യവാന്മാരുമാണെന്നു കരുതി.

നാലു കൈകളും കൂർത്തുചാടിയ പല്ലുകളുമുള്ള ബീഭത്സരൂപങ്ങൾ!

ഒരു പറങ്കി പേടിച്ചു ചാടി എണീറ്റു. അവന്റെ ഭാഷയിൽ അലറി.

അയ്യോ! ഇത് ദൈവമല്ലല്ലോ. സാത്താന്മാരാണേ!

ബിംബങ്ങൾ കണ്ടാറെ തിരിച്ചറിഞ്ഞതുമില്ല. കല്ലിൽ കൊത്തിയ വികൃതരൂപങ്ങൾ!

വലിയ കപ്പിത്താൻ ഗാമ ഉള്ളിൽ ചിരിച്ചു.

ഏതു ചെകുത്താനെ വണങ്ങിയാലും കാര്യം നടക്കണം. കച്ചോടോം കൊള്ളേം!

അരമാത്രം മറച്ച ചെമ്പുനിറമുള്ള ബുദ്ധിയില്ലാത്ത ഈ വർഗ്ഗത്തെ തമ്മിലടിപ്പിക്കാ നുള്ള തന്ത്രം ഗാമ ഉള്ളിൽ മെനഞ്ഞു.

ഒടുവിൽ രാജധാനിൽ വന്ന് അവിടെയും അമ്പലത്തിൽ കയറി. കന്യാമറിയം ത ന്നെയണെന്നു കരുതിയാണ് വണങ്ങിയത്. പിന്നീടു മനസ്സിലായി ഭഗവതി എന്ന്. നല്ല രൂപസാദൃശ്യം.

ഗാമയ്ക്ക് തോന്നി ഈ ജാതിക്ക് തങ്ങറെ മതത്തോട് വളരെ സാമ്യമുണ്ടെന്ന് അടുത്താൽ നിഷ്പ്രയാസം മതം മാറ്റി എടുക്കാമെന്നു തന്നെ ഉറപ്പിച്ചു.

അവിടെ കാഹളം, നടവെടി എന്നീ ആഘോഷങ്ങളോടെ ബ്രാഹ്മണപൂജാരികളോടൊപ്പം മതിലകത്തു പ്രവേശിച്ചു.

നാലു കന്മതിലുകളിലും ഗോപുരത്തിലും പതിപ്പത്തു കാവൽക്കാർ നിന്നിരുന്നു. കമ്മന്മാർ, പണിക്കന്മാർ, മേനോക്കികൾ മുതലായ സ്ഥാനികൾ. കാവൽക്കാർ പുരുഷാരത്തെ നിയന്ത്രിക്കവേ, തിക്കിലും തിരക്കിലും ചിലർ മരിച്ചു.

നാലാം പടിവാതില്ക്കൽ ഭട്ടതിരിപ്പാട് വലിയ കപ്പിത്താൻ ഗാമയെ എതിരേറ്റ് അശ്ലേഷിച്ചു. വലംകൈ പിടിച്ച് ആസ്ഥാനമണ്ഡലപത്തിലേക്കാനയിച്ചു.

അവിടെ പച്ചപ്പടം വിരിച്ച് ദിവ്യാംബരങ്ങൾ വിതാനിച്ച ഇരുത്തിപ്പലകമേൽ മന്ത്രികളെ കണ്ടു.

അതിനപ്പുറം പൊക്കം കുറഞ്ഞ പീഠത്തിൽ, പൊക്കം കുറഞ്ഞ ചന്ദക്കട്ടിലിൽ, കുന്നലകോനാതിരി രാജാവ് (സാമൂതിരിപ്പാട്) കിടക്കുന്നതു കണ്ടു.
പടുവൃദ്ധൻ! വലംകൈയിൽ പതിനാലു രത്നങ്ങൾ പതിച്ച വീരചങ്ങല ഇട്ട കൈ ഒരു മേനോക്കി പ്രമാണി താങ്ങിയിരിക്കുന്നു. കേശം മുകളിൽ ബന്ധിച്ച് രത്നങ്ങളും പവിഴങ്ങളും കൊണ്ടലങ്കരിച്ചിരിക്കുന്നു. കാതിൽ ചുമലോളം തൂങ്ങുന്ന സ്വർണ്ണാലങ്കാരങ്ങൾ. ഉടുപട്ടിനുമീതെ അരയിൽ സൂര്യദീപ്തികണക്കെ ഉടഞ്ഞാൽ അണിഞ്ഞിരിക്കുന്നു.

ഇരുഭാഗത്തും വെറ്റിലത്തളിക. പൊൻകോളാമ്പികൾ, പൊൻകിണ്ടികൾ എന്നിവ വച്ചിരിക്കുന്നു.

സാമൂതിരിമുമ്പാകെ മന്ത്രികൾ എഴുന്നേറ്റുവണങ്ങി വായ്പൊത്തിനിന്നു.

അപ്പോൾ വലിയ കപ്പിത്താൻ വസ്കോഡിഗാമ തിരുമനസ്സുമുമ്പാകെ എത്തി മൂന്നുവട്ടം തൊഴുതു.

സാമൂതിരിപ്പാട് ആയാസത്തിൽ ചിരിച്ചു. മുറുക്കാൻ ചവച്ചരച്ച വായതുറന്ന് അല്പം സൗജന്യവാക്കുകൾ ഉച്ചരിച്ചു. തുടർന്ന് ഗാമയെ താഴെ പീഠത്തിലിരുത്താൻ കല്പിച്ചു.

അനന്തരം വർത്തമാനം അന്വേഷിച്ചു.

കൊടുംമലയാളവും അറവിയും സംസ്കൃതവും ചെന്തമിഴുമൊക്കെ കലർന്ന് ഭാഷാപണ്ഡിതരായ ബ്രാഹ്മണരുടെ സഹായത്തോടെ കുറെയൊക്കെ മനസ്സിലാക്കി. അറവി കലർന്ന പറങ്കിഭാഷയിൽ ഗാമ പറഞ്ഞു:

പോർത്തുഗൽ രാജ്യം ഇവിടെനിന്ന് പടിഞ്ഞാറുവടക്കായി യൂരോപാരാജ്യങ്ങളുടെ നടുവിലാകുന്നു.

മുസൽമാന്മാർ, മിസ്രവഴിക്കു കൊണ്ടുപോകുന്ന മൊളകും ചീനച്ചരക്കുകളും ഞങ്ങൾ അധികവെലകൊടുത്തു വാങ്ങുന്നുണ്ട്. അതുകൊണ്ട് മലയാളത്തി പോയി കച്ചോടം ചെയ്തു പോരാൻ പോർത്തുഗൽ രാജാവു തിരുമനസ്സുകൊണ്ട് കല്പിച്ച താകും.

പത്തുമാസംകൊണ്ട് ഈ വിഷമയാത്ര സാധിച്ചിരിക്കുന്നു: ദൈവകടാക്ഷം!

അതു കഴിഞ്ഞാറെ പോർത്തുഗൽ രാജാവ് അറവിയിലെഴുതിയ കത്തുകൊടുക്കാറെ സാമുതിരിപ്പാട് തിരുമനസ്സുകൊണ്ട് വാങ്ങിയില്ല.

പകരം പറഞ്ഞു:

ഇപ്പോ സമയമായില്ല. വന്നതു സന്തോഷം. തൽക്കാലം മുസൽമാന്മാരുടെ വീടുകളിൽ കുടിപാർക്ക എന്നു കല്പിച്ചരുളി.

(തുടരും..........)